1874/13
3/1/21/2

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല - അപകടമരണം, തീപിടുത്തം ഉടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ തൃശ്ശൂർ തഹസിൽദാർ വിതരണം ചെയ്ത അടിയന്തര ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം. 3828/2020 /റവ. തിരുവനന്തപുരം, തീയതി, 21.12.2020**

==========================================================================

പരാമർശം:- 09.10.2020 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ DCTSR/474/2020-A13 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ അപകടമരണം, തീപിടുത്തംഉടങ്ങിയ സാഹചര്യങ്ങളിൽ ബന്ധപ്പെട്ടവർക്ക് തൃശ്ശൂർ തഹസിൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നും 90,000/- രൂപ മുൻകൂറായി വിതരണം ചെയ്തിട്ടുള്ളതായി പരാമർശിത കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

2. ക്യാഷ് ചെസ്റ്റിൽ തുക തിരികെ വെക്കുന്നതിനു മേല്പറഞ്ഞ 90,000/- രൂപ അനുവദിച്ചുനൽകണമെന്ന തൃശ്ശൂർ ജില്ലാ കളക്ടറുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. മേൽപ്രസ്താവിച്ച സാഹചര്യങ്ങളിൽ അടിയന്തര ധനസഹായമായി തൃശ്ശൂർ തഹസിൽദാർ വിതരണം ചെയ്ത **90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. **90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് ,സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, തൃശ്ശൂർ
തഹസിൽദാർ, തൃശ്ശൂർ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**